## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പര്‍ 2806 20.06.2013- ല്‍ മറുപടിക്ക്**

### കുടിവെള്ളം വിതരണം നടത്തിയ വകയില്‍ ചെലവായ തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി.എസ്. ജയലാല്‍ | | ശ്രീ. അടൂര്‍ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കൊല്ലം താലൂക്കില്‍ വേനല്‍ക്കാലത്ത് വാഹനം ഉപയോഗിച്ച് കുടിവെള്ളം വിതരണം നടത്തിയ വകയില്‍ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ; | (എ) | കൊല്ലം താലൂക്കില്‍ വേനല്‍ കാലത്ത് വാഹനം ഉപയോഗിച്ച് കുടിവെള്ളം വിതരണം നടത്തിയ ഇനത്തില്‍ 62,20,000/- രൂപ (അറുപത്തി രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | വാഹനത്തിലുള്ള കുടിവെള്ള വിതരണം ഇപ്പോഴും തുടരുന്നുവോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഈ ആവശ്യത്തിലേക്കായി നല്‍കുവാനുള്ള തുക പൂര്‍ണ്ണമായും വാഹന ഉടമകള്‍ക്ക് നല്‍കിയോ; കുടിശ്ശികയുണ്ടെങ്കില്‍ ആയത് എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക എത്രയും പെട്ടെന്ന് അനുവദിച്ചു നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ? | (സി) | 45 ലക്ഷം രൂപ കൊടുത്ത് തീര്‍ത്തിട്ടുള്ളതാണ്. കുടിശ്ശിക തുകയായ 17,20,000/- രൂപ ലോറി ഉടമകള്‍ സമര്‍പ്പിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റുകള്‍ പരിശോധിച്ച് വിതരണം ചെയ്യുന്നതിന് നടപടികള്‍ സ്വീകരിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍